"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി - പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറിന്റെ വിനിയോഗം - അധിക നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.174/2021/LSGD തീയതി,തിരുവനന്തപുരം, 22/01/2021

---

പരാമർശം:- 1.കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 04.08.2016-ലെ എസ്-11011/5/2016-എസ്.ബി.എം നമ്പർ മാർഗരേഖ

2. 21.07.2018 ലെ 334/ഡിസി1/18/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3. 17.12.2018 ലെ സ.ഉ.(സാധാ) നം. 3163/2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

4. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിലെ 01.05.2019 ലെ നം.എസ്-18020/302/2015-എസ്.ബി.എം പാർട്ട് (1) നമ്പർ മാർഗരേഖ

5. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 04.11.2020 തീയതിയിലെ എസ്-18013/2014 O/o Dir (SBM) Part (4) നമ്പർ കത്ത്

6. ഡിസി1/540/2020/ത.സ്വ.ഭ.വ തീയതി 14/12/2020 സർക്കുലർ

7. 10.01.2021 തീയതിയിലെ (സാധാ) നം.63/2021/ത.സ്വ.ഭ.വ ഉത്തരവ്

8. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 11.01.2021 തീയതിയിലെ എസ്-18013/2014 - O/o Dir (SBM) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് പ്രോത്സാഹനം നൽകുന്നതിലേക്ക് ലോക ബാങ്ക് സഹായത്തോടുകൂടി പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. 2018-19, 2019-20, 2020-21 വർഷങ്ങളിൽ മൂന്നു ഗഡുക്കളായി 302.76 കോടി രൂപ സംസ്ഥാനത്തിന് ഇതുവരെ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് മാർഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ പരാമർശം (2) പ്രകാരം നൽകിയിരുന്നു. കേന്ദ്ര സർക്കാർ പരാമർശം(4) പ്രകാരം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കുകയുണ്ടായി. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) വെബ് സൈറ്റിൽ എം.ഐ.എസ്സിൽ ഇവയുടെ ചെലവു വിവരം പരിധികൾക്ക് വിധേയമായി രേഖപ്പെടുത്തുന്നതിന് സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്. 2016 ഏപ്രിൽ മാസം മുതൽ 5 വർഷമാണ് പദ്ധതിയുടെ കാലാവധിയായി നിശ്ചയിച്ചിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 31.01.2021 തീയതിക്കകം പൂർത്തീകരിക്കണമെന്ന് പരാമർശം (5) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. പദ്ധതിയിലെ പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച അനുമതികൾ നിർബന്ധമായും 31.01.2021 തീയതിക്കകം പൂർത്തിയാക്കണമെന്ന് പരാമർശം (8) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തുകളിൽ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഇനത്തിൽ

വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കുന്നതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

2. ഓരോ ഗ്രാമപഞ്ചായത്തും അനുവദിക്കപ്പെട്ടിരിക്കുന്ന പദ്ധതി തുകയിലെ ചെലവു വിവരം പരിശോധിച്ച് പ്രോജക്ടുകളിൽ ആവശ്യമായ മാറ്റങ്ങളും ക്രമീകരണങ്ങളും വരുത്തേണ്ടതാണ്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി, പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറിൽ അധികമായി അനുവദിച്ചിട്ടുള്ള ഇനങ്ങൾ, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് (2) പദ്ധതി എന്നിവയിൽ അനുവദനീയമായവയിൽ, 31.03.2021 നകം തന്നെ നടപ്പാക്കാൻ സാധ്യമായ പദ്ധതികളിലേക്ക് വകയിരുത്തലുകൾ ക്രമീകരിക്കേണ്ടതാണ്. ഇതിലേക്കായി പരാമർശം (7) പ്രകാരം അനുവദിച്ചിട്ടുള്ള പ്രോജക്ട് ഭേദഗതിക്കുള്ള സൗകര്യം ഉപയോഗിക്കാവുന്നതാണ്. സമയപരിധിക്കകം നടപ്പാക്കത്തക്ക വിധം പരാമർശം (8) കത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം എം.സി.എഫുകൾ, ആർ.ആർ.എഫ് കെട്ടിടങ്ങൾ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായവ മുൻഗണന നൽകി ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണ്. ഇതിനകം സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടുൾപ്പെടെ മറ്റു ഫണ്ടുകൾ വകയിരുത്തിയിട്ടുള്ള പ്രോജക്ടുകളും പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ടിലേക്ക് വകയിരുത്തൽ മാറ്റി നിർവ്വഹണം നടത്താവുന്നതാണ്. പരാമർശം (6) സർക്കുലറിൽ നിർദേശിച്ചിരുന്ന പ്രകാരം വ്യക്തിഗത കക്കൂസുകളുടെ റിട്രോഫിറ്റിംഗ്/ ഉപയോഗക്ഷമമാക്കൽ പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ ഉടൻ തന്നെ കണ്ടെത്തി പ്രവർത്തികൾ ഒരു മാസക്കാലയളവിനകം പൂർത്തീകരിക്കുന്നതിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഇതുവരെയും നടപ്പാക്കിയിട്ടില്ലാത്തതുമായ വ്യക്തിഗത കമ്പോസ്റ്റ് പിറ്റുകൾ, സോക്ക് പിറ്റുകൾ എന്നിവ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് പദ്ധതിയിലേക്ക് മാറ്റിയും നിർവഹണം നടത്താവുന്നതാണ്. ഈ പദ്ധതികളും ഒരു മാസക്കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

2.1. പരാമർശം (6)- ലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഏറ്റെടുത്ത വ്യക്തിഗത കക്കൂസുകളുടെ റിട്രോഫിറ്റിംഗ്/ഉപയോഗക്ഷമമാക്കൽ എന്നിവയ്ക്കായി ഏറ്റെടുത്തിരുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ ഉടൻ തന്നെ കണ്ടെത്തി പ്രോജക്ടുകൾ അടിയന്തിരമായി തീർക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

2.2. വ്യക്തിഗത കക്കൂസുകളുടെയും കമ്പോസ്റ്റ് പിറ്റ്/സോക്ക് പിറ്റുകളുടേയും നിർമ്മാണം ഗുണഭോക്താക്കൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്ത് എഞ്ചിനീയർക്ക് പുറമെ ഓവർസീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് എഞ്ചിനീയർ/ഓവർസീയർ എന്നിവർക്കും നൽകുന്നു. ഇവരിൽ ആരുടെയെങ്കിലും സേവനം ഉപയോഗിച്ച് വാല്യുവേഷൻ എടുക്കേണ്ടതാണ്.

2.3. മേൽപറഞ്ഞ ഭേദഗതികൾ പരാമർശം (7) പ്രകാരം അനുവദിച്ചിട്ടുള്ള വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം പൂർത്തിയാക്കാവുന്നതാണ്.

2.4. പെർഫോർമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിക്കേണ്ട സാഹചര്യം പരിഗണിച്ച് സുലേഖ സോഫ്റ്റ് വെയറിലെ അടിയന്തര സ്വഭാവത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സൗകര്യം (ജി.ഒ. പ്രോജക്ട് സൗകര്യം) ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നു. ഈ പ്രത്യേക സൗകര്യം ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സുലേഖ സോഫ്റ്റ് വെയർ മുഖേന സാങ്കേതികാനുമതി നൽകുന്നതിനുള്ള സൗകര്യം നിലവിൽ ഇല്ല. സാങ്കേതികാനുമതി ആവശ്യമായ ഏതെങ്കിലും പ്രോജക്ട് (ഉദാ. ആർ.ആർ.എഫ് കെട്ടിടം) ഈ പ്രത്യേക സൗകര്യം ഉപയോഗിച്ച് തയ്യാറാക്കുകയാണെങ്കിൽ അതിന് സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. പദ്ധതി
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെറകട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്